(ബി) ജലഅതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാൻ കാലതാമസം നേരിട്ടതുകൊണ്ടാണ് സമയബന്ധിതമായി പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം തീർക്കുവാൻ കഴിയാതെ പോയത്.

(സി) പ്രസ്തുത റോഡിന്റെ ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി

250 (5335) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളും നിലവിലുള്ള അവസ്ഥയും പ്രവൃത്തി പൂർത്തീകരിക്കുന്ന കാലാവധിയെയും കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊട്ടാരക്കര ഗ്രാമീണ റോഡുകളുടെ നവീകരണം

251 (5336) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഗ്രാമീണറോഡുകളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം റോഡുകൾ നവീകരിച്ചു ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാതെ അവശേഷിക്കുന്നത് ഏതെല്ലാമാണ് ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകളുടെ പേരും ചെയിനേജും വെളിപ്പെടുത്തുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊട്ടാരക്കര മണ്ഡലത്തിൽ 810 ലക്ഷം രൂപ ചെലവാക്കി ഗ്രാമീണ റോഡുകൾ നവീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ടി കാലയളവിൽ വണ്ടിപ്പുര-കമ്പംകോട് റോഡ് കി.മീ. 0/000 മുതൽ 3/200 എന്ന ഒരു റോഡ് മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്.

പയ്യന്നൂർ റെയിൽവേസ്റ്റേഷൻ അപ്രോച്ച് റോഡ് നവീകരണം

252 (5337) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ റെയിൽവേസ്റ്റേഷൻ അപ്രോച്ച് റോഡ് പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാലുടൻ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം റോഡ്

253 (5338) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മണ്ഡലത്തിലെ മേജർ ജില്ലാ റോഡായ വെള്ളൂർ-പാടിയോട്ടുചാൽ പുളിങ്ങോം റോഡ് സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മെക്കാഡം ടാറിംഗ് നടത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.